(സി-ഇ) 2010 കായിക വർഷമായി പ്രഖ്യാപിച്ചതനുസരിച്ച് കേരളത്തിലെ മുഴുവൻ കുട്ടികൾക്കും നീന്തലിൽ പ്രായോഗിക പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. സംസ്ഥാന അക്വാട്ടിക് അസോസിയേഷന്റെയും, ജില്ലാ അക്വാട്ടിക് അസോസിയേഷന്റെയും, ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെയും സഹായത്തോടെ കഴിഞ്ഞ മധ്യവേനലവധിക്കാലത്ത് ഇതിന് തുടക്കം കുറിക്കുകയുണ്ടായി. വിദ്യാർത്ഥികളിൽ സ്പോർട്സ് അഭിനിവേശം ഉണ്ടാക്കുന്നതിന് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെയും കായിക -യുവജനകാര്യ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ 2010 കായിക വർഷമായി ആചരിക്കുന്നതിന് തീരുമാനിച്ചുകൊണ്ടുള്ള സ്പോർട്സ് കലണ്ടർ സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി.

കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിന് നടപടി

39 (3785) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. അജിത് :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഈ അദ്ധ്യയനവർഷം എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കി ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സംസ്ഥാനത്തെ സ്കൂളുകളിൽ ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് 11-11-2009-ലെ ജി.ഒ.(എം)എസ്.) 217/09/പൊ.വി. ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള സിലബസ് കരിക്കുലം കമ്മിറ്റിക്ക് സമർപ്പിക്കുകയും കരിക്കുലം കമ്മിറ്റി ഇത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കായിക വിദ്യാഭ്യാസ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്കുള്ള പഠനസഹായിയുടെ ഇംഗ്ലീഷ് പതിപ്പും കരിക്കുലം കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. അദ്ധ്യാപകർക്കുള്ള പഠനസഹായിയുടെ മലയാളം പതിപ്പ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രൈമറി

LIBRARY ARCHIVES Kerala Legislative Assembly

തലത്തിലെ അദ്ധ്യാപകർക്കും ഹൈസ്കൂൾ തലത്തിലെ കായികാദ്ധ്യാപകർക്കുമുള്ള പരിശീലന പരിപാടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഹൈസ്കൂൾ തലം കഴിയുമ്പോൾ തന്നെ ഓരോ വിദ്യാർത്ഥിക്കും കുറഞ്ഞത് മൂന്ന് കായിക ഇനങ്ങളിലെങ്കിലും തികഞ്ഞ അവബോധം ലഭിക്കുന്ന തരത്തിലാണ് ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് സിലബസ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നുമുതൽ നാലുവരെ ക്ലാസുകളിലെ പ്രൈമറി അദ്ധ്യാപകർക്കുവേണ്ടി അദ്ധ്യാപക സഹായി ദൃശ്യവത്കരിച്ച് പത്ത് വീഡിയോ സി.ഡി.കളടങ്ങുന്ന സെറ്റ്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ സഹായത്തോടെ നിർമ്മിച്ച് സംസ്ഥാനത്തെ 7000 പ്രൈമറി സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിന് മാനദണ്ഡം

40 (T 3786) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ സമുദായ അംഗങ്ങളായ വിദ്യാർത്ഥികൾക്ക് പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയുടെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള കേന്ദ്ര ഗവൺമെന്റ് സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രതിവർഷം ഓരോ വിഭാഗത്തിലും എത്ര വീതം സ്കോളർഷിപ്പുകൾ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) 2009-10 വർഷം ലഭിച്ച അപേക്ഷകളുടെ എണ്ണവും അനുവദിച്ച സ്കോളർഷിപ്പിന്റെ വിവരങ്ങളും വെളിപ്പെടുത്തുമോ ;

(ഡി) കേന്ദ്ര സർക്കാർ അപേക്ഷകൾ ക്ഷണിക്കുമ്പോൾതന്നെ സംസ്ഥാനത്ത് നിന്നുള്ള അപേക്ഷകൾ സമയബന്ധിതമായി ലഭിക്കുന്നതിനും ആയത് പരിശോധിച്ച് കേന്ദ്ര സർക്കാരിലേക്ക് അയയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) സ്കോളർഷിപ്പിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പൊതുജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതിനും അർഹമായ കുട്ടികളിൽ നിന്നും യഥാസമയം അപേക്ഷകൾ ലഭിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) (i) (എ) സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ്(റെക്കഗ്നൈസ്ഡ്)/ സി.ബി.സി.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിൽ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ക്രിസ്ത്യൻ/മുസ്ലീം എന്നീ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട

T മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly